പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 229 — 28.06.2016 - ൽ മറുപടിയ്ക്ക്

## ശ്രുതി തരംഗം

ചോദ്യം

ശ്രീ.എം.വിൻസെന്റ്
ശ്രീ. സണ്ണി ജോസഫ്
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശ്രുതി തരംഗം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | ഈ പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിണ്ട്; | (സി) | 1. അർഹരായവരിൽ നിന്നും അപേക്ഷ ശേഖരിച്ച് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2. അപേക്ഷകരിൽ അർഹരായവരെ കണ്ടെത്തുന്നതിനായി റീജിയണൽ ലെവൽ ടെക്നിക്കൽ/സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br>3. സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4. കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനായി സർക്കാർ/പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.<br>5. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം സഹായമാണ് പദ്ധതി വഴി ലഭിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | ശ്രുതിതരംഗം പദ്ധതി വഴി ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷക്കാലം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനും നൽകി വരുന്നു. ഒരു കുട്ടിയ്ക്ക് ഏകദേശം 5 ലക്ഷം രൂപയോളം ഈ പദ്ധതി പ്രകാരം ചെലവ് വരുന്നുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**